ദൈവത്തിന്റെ ചുരുളുകൾ

DIVINE SCROLLS

A CHRISTIAN MAGAZINE FOR THE CHOSEN GENERATION



"ദിവ്യസ്വഭാവം"
(തിരുവചന ചിന്തകൾ)

JAN
2025

CONTENTS

- **തിരുവചന ചിന്തകൾ :**
  "ദിവ്യസ്വഭാവം" Page - 03

- **ജീവിതങ്ങളിലൂടെ വാക്കുകളിലൂടെ** Page - 15

ദിവ്യസ്വഭാവം

(തിരുവചന ചിന്തകൾ)

യേശുക്രിസ്തുവിന്റെ ശിഷ്യനായിരുന്ന ശിമ്യോൻ പത്രോസ് എഴുതിയ രണ്ടാം ലേഖനത്തിലെ ആദ്യ ചില വചനങ്ങളാണ് നമ്മുടെ ഇന്നത്തെ ചിന്തക്കായി തിരഞ്ഞെടുത്തിരിക്കുന്നത്. ഈ വചന ഭാഗങ്ങൾ തിരഞ്ഞെടുക്കുവാനുണ്ടായ സാഹചര്യവും ഇവിടെ പങ്കുവയ്ക്കുവാനാഗ്രഹിക്കുന്നു.

ഇന്നു നമുക്കു ലഭ്യമായിരുന്ന ഈ ക്രിസ്തീയ വിശ്വാസത്തിൽ അഥവാ ആത്മീയ ജീവിതത്തിൽ, നാം എപ്രകാരം നമ്മുടെ സമയത്തെയും സാഹചര്യങ്ങളെയും ജീവിതത്തേയും ദൈവത്തിനായി ഉപയോഗിക്കണം എന്നുള്ള ഒരു ചെറിയ ചിന്തയിൽനിന്നാണ് ഈ വേദഭാഗത്തിലേക്കു ദൈവം എന്നെ നയിച്ചത്. കാരണം, മേൽപ്പറഞ്ഞ സമയവും സാഹചര്യവും ജീവിതവും എല്ലാവർക്കും വ്യത്യസ്തമാണ്. ഓരോരുത്തരും വ്യത്യസ്തരായിരിക്കുമ്പോൾത്തന്നെ എല്ലാവർക്കും ഒരേസമയം ഉൾക്കൊള്ളുവാനും നയിപ്പാനുംകഴിയുന്ന രീതിയിൽ ദൈവാത്മാവിനാൽ എഴുതപ്പെട്ടിരിക്കുന്നു ഈ വേദഭാഗത്തിന്റെ പ്രാധാന്യത്തെക്കുറിച്ചു എടുത്തുപറയാതിരിക്കുവാൻ വയ്യ.

പലപ്പോഴും ദൈവത്തെ നാം വിളിക്കുകയും ദൈവം നമ്മെ വിളിക്കുന്നത് നാം കേൾക്കാതെ പോവുകയും ചെയ്യുന്നു. ആഴമേറിയ ദൈവീക ബന്ധത്തിലേക്കാണ് എല്ലായ്പ്പോഴും ദൈവം നമ്മെ വിളിക്കുന്നത്. എന്നാൽ നിർഭാഗ്യവശാൽ നാം നമ്മുടെ ആവശ്യാനുസരണം ദൈവത്തെ വിളിക്കുകയും ഉത്തരം ലഭിക്കുന്ന മാത്രയിൽ നാം ദൈവത്തെ വിട്ടകലുകയും ചെയ്യുന്നു. ഇത് ഒരിക്കലാണ് മാത്രം സംഭവിക്കുകയോ പിന്നത്തേതിൽ നാം തിരുത്തുകയോ ചെയ്യാറില്ല. വീണ്ടും വീണ്ടും ഇതുതന്നെ ആവർത്തിക്കുകയും ഇതേ LOOP നാം തുടരുകയും ചെയ്യുന്നു. ഓരോ ആവർത്തി ഇത് തുടരുമ്പോഴും അതിനനുസരിച്ചുള്ള ന്യായീകരങ്ങളും കാരണങ്ങളും നാം കണ്ടുപിടിക്കുകയും വീണ്ടും അതുതന്നെ ആവർത്തിക്കുവാൻ നാം സ്വയം നിർബന്ധിതരാവുകയും ചെയ്യുന്നു.

ഇപ്രകാരം നമുക്ക് ദൈവം ഈ ഭൂമിയിൽ അനുവദിച്ചിട്ടുള്ള സമയങ്ങളെ നാം വൃഥാവാക്കുകയും നാം ദൈവീക വിളിയേയും സ്വർഗ്ഗീയ വാഗ്ദത്തങ്ങളെയും ശ്രദ്ധിക്കാതെയും ഈ ഭൂമിൽനിന്നും കടന്നുപോവുകയും ചെയ്യുന്നു. അടുത്ത തലമുറയും ഇതുതന്നെ സ്വീകരിക്കുന്നു. എവിടെയാണ് ഇതിനൊരന്ത്യം സംഭവിക്കേണ്ടുന്നത് ?

പത്രോസിൻറെ രണ്ടാം ലേഖനത്തിന്റെ ആരംഭ ഭാഗത്തു നിന്നും നാം ചിന്തിച്ചു തുടങ്ങിയാൽ മേല്പറഞ്ഞവയ്ക്കൊരു മറുപടിയും, അതേപോലെ ദൈവത്തിന്റെ കാഴ്ചയിൽ നാം ആരാണെന്നുള്ള ബോധ്യവും നമുക്ക് ലഭിക്കും.

2 **പത്രോസ്** 1:1-4
1 യേശു ക്രിസ്തുവിന്റെ ദാസനും അപ്പൊസ്തലനുമായ ശിമോൻ പത്രൊസ്,
നമ്മുടെ ദൈവത്തിന്റെയും രക്ഷിതാവായ യേശുക്രിസ്തുവിന്റെയും
നീതിയാൽ ഞങ്ങൾക്കു ലഭിച്ചതുപോലെ അതേ വിലയേറിയ വിശ്വാസം
ലഭിച്ചവർക്കു എഴുതുന്നതു:
2 ദൈവത്തിന്റെയും നമ്മുടെ കർത്താവായ യേശുവിന്റെയും
പരിജ്ഞാനത്തിൽ നിങ്ങൾക്കു കൃപയും സമാധാനവും
വർദ്ധിക്കുമാറാകട്ടെ.
3 തന്റെ മഹത്വത്താലും വീര്യത്താലും നമ്മെ വിളിച്ചവന്റെ
പരിജ്ഞാനത്താൽ അവന്റെ ദിവ്യശക്തി ജീവനും ഭക്തിക്കും വേണ്ടിയതു
ഒക്കെയും നമുക്കു ദാനം ചെയ്തിരിക്കുന്നുവല്ലോ.
4 അവയാൽ അവൻ നമുക്കു വിലയേറിയതും അതിമഹത്തുമായ
വാഗ്ദത്തങ്ങളും നല്കിയിരിക്കുന്നു. ഇവയാൽ നിങ്ങൾ ലോകത്തിൽ
മോഹത്താലുള്ള നാശം വിട്ടൊഴിഞ്ഞിട്ടു ദിവ്യസ്വഭാവത്തിന്നു
കൂട്ടാളികളായിത്തീരുവാൻ ഇടവരുന്നു.

മേലുദ്ധരിച്ച വാക്യങ്ങളിലെ ചില വാക്കുകൾ ആഴത്തിൽ ചിന്തിക്കാം.

1. **എന്താണ് വിലയേറിയ വിശ്വാസം ? ആരാണ് വിലയേറിയ വിശ്വാസം ലഭിച്ചവർ ?**

അതെ, നമുക്കുചുറ്റുമുള്ള വിവിധ സഭ സമൂഹങ്ങളിൽ ആയിരിക്കുന്നവർ യേശുവിൽ വിശ്വസിക്കുന്നുണ്ട്. ഇതര മതവിഭാഗത്തിൽപെട്ടവരും യേശുവിനെക്കുറിച്ചു കേൾക്കുകയും യേശുവിനെ അറിയുന്നവരുമാണ്. എന്നാൽ ഇവിടെ നാം മനസ്സിലാക്കേണ്ടുന്ന ഒരു വസ്തുത എന്തെന്നാൽ, യേശുവിനോട് പ്രാർത്ഥിച്ചാൽ നമ്മുടെ മുൻപിലെ കാര്യങ്ങൾ / ആവശ്യങ്ങൾ നടക്കും, ആകുലതകൾ നീങ്ങും, രോഗങ്ങൾ മാറും, നന്മകൾ ലഭിക്കും, ഉയർച്ചകൾ ഉണ്ടാവും, സമ്പത്തു വർദ്ധിക്കും, തലമുറകൾ അനുഗ്രഹിക്കപ്പെടും, മാന്യതകൾ ലഭിക്കും.. ഇത്യാദി ജീവന വിഷയങ്ങളിൽ ദൈവത്തിലുള്ള നമ്മുടെ ഉറപ്പല്ല യേശുക്രിസ്തുവിൽ വിശ്വാസം എന്നത്. മുകളിൽ അക്കമിട്ടു പറഞ്ഞ സകല കാര്യങ്ങളും ഒരുപക്ഷെ അതില്കൂടുതലും മറ്റു മത വിശ്വാസങ്ങളിൽ നിന്നും നമുക്കു ലഭിച്ചേക്കാം. ദൈവമായി വിലസുന്ന ഏതൊരു വ്യക്തിയുടെ സാമീപ്യത്താലും അവരുടേതായ പ്രാർത്ഥനയിലും മേല്പറഞ്ഞവയെല്ലാം ലഭിച്ചേക്കാം. അപ്പോൾ ഇതൊന്നുമല്ല ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനം. ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനം അഥവാ കേന്ദ്രബിന്ദു യേശുക്രിസ്തുവാണ്. പാപത്താൽ (പാപ സ്വഭാവത്താൽ) ജീവിച്ചിരുന്ന നമ്മെ ഓരോരുത്തരെയും വിശുദ്ധനും സർവശക്തനും സർവ്വവ്യാപിയും സർവ്വകൃപാലുവുമായ ദൈവത്തിന്റെ പുത്രന്മാരും പുത്രിമാരും ആക്കേണ്ടതിനായി, അതേപിതാവാംദൈവം നമ്മെ വീണ്ടെടുക്കുവാനും നമ്മുടെ പാപത്തെ കഴുകിക്കളയുവാൻ നിർമ്മലനും വിശുദ്ധനായ തന്റെ ഏകജാതനായ പുത്രനെത്തന്നെ ലോകത്തിലേക്ക് മനുഷ്യസാദൃശ്യത്തിൽ അയച്ചുകൊണ്ടു, ആ പുത്രനായ യേശുക്രിസ്തു നമ്മുടെ സകല ജനത്തിന്റെയും പാപങ്ങളെ വഹിച്ചുകൊണ്ട് ഒരിക്കലായി മരിക്കപ്പെടുകയും മൂന്നാം ദിനം ഉയർത്തെഴുന്നേൽക്കുകയും ചെയ്തുകൊണ്ട് മരണത്തെയും പാപത്തെയും ഒരേസമയം തോല്പിച്ചുകൊണ്ടു, നമ്മെ അവനിലൂടെ (യേശുവിലൂടെ) ജയാളികളാക്കുകയും യേശുക്രിസ്തുവിന്റെ അതേ പദവിയിലേക്ക്, പുത്രത്വം എന്ന അതേ പദവിയിലേക്ക് നമ്മെ ഇരുത്തുകയും ചെയ്തിരിക്കുന്നു.

ഈ സത്യം ഗ്രഹിച്ചും ഇതിൽ വിശ്വസിച്ചും പാപങ്ങളെ ഏറ്റുപറഞ്ഞുപേക്ഷിച്ചും, ദൈവാത്മാവിന്റെ സഹായത്താൽ ഈ ഭൂമിയിൽ കാഴ്ചയാലെയല്ല യേശുക്രിസ്തുവിൽ വിശ്വാസത്താൽ മാത്രം ജീവിക്കുന്നതിന്റെ പേരാണ് ക്രിസ്തീയ ആത്മീയ ജീവിതം അഥവാ ഈ വിശ്വാസമാണ് ക്രിസ്തീയ വിശ്വാസം.

മേല്പറഞ്ഞതിനോട് സാമ്യമുള്ള ചിന്തയോ, ഉപരിവിപ്ലവമായ മറ്റു ചിന്തകളോഅല്ല സത്യ വിശ്വാസം അഥവാ വിലയേറിയ ക്രിസ്തീയ വിശ്വാസം എന്നതുകൊണ്ട് അർഥം ആക്കുന്നത്. യേശുക്രിസ്തുവിന്റെ ക്രൂശിലെ സത്യം എന്നത് തന്റെതന്നെ രക്തത്താൽ മുദ്രവയ്ക്കപ്പെട്ടിട്ടുള്ളതും അടയാളപ്പെടുത്തിയിരിക്കുന്നതുമാണ്. ആ സത്യത്തിനു മേലിൽ മറ്റൊരു സത്യമില്ല. പലതല്ല സത്യം, ഒന്ന് മാത്രമേ സത്യമായി വരികയുള്ളൂ, അതുമാത്രമേ നിലനില്കുകയുമുള്ളൂ.

അപ്പോൾ വിലയേറിയ സത്യത്തിന്റെ ഉറവിടവും ഉറപ്പും യേശുക്രിസ്തുവാണ് അഥവാ ദൈവം മാത്രമാണ്. പാപിയായിരിക്കുന്ന മനുഷ്യനെ പാപത്തിൽനിന്നും വീണ്ടെടുക്കുവാനുള്ള ദൈവത്തിന്റെ രക്ഷാകരപദ്ധതിയിൽ നാം ദൈവത്തിലെ 3 വ്യക്തികളെ കാണുന്നു. പിതാവാം ദൈവത്തെ, പുത്രനാം യേശുവിനെ, പരിശുദ്ധാത്മാവാം ദൈവത്തെ. അതായതു, ദൈവം മനുഷ്യന് നൽകുന്ന പാപ മോചനം അഥവാ രക്ഷ എന്നത് മനുഷ്യൻ നിരൂപിച്ചെടുത്തതോ കണക്കുകൂടിയതോ ഏതെങ്കിലുമൊരു ഊഹാപോഹത്തിന്റെയോ ഉത്തരമല്ല പ്രത്യുത, ദൈവത്തെ ഒരു മനുഷ്യന് ഉൾക്കൊള്ളുവാനും അതേ ദൈവത്തിൽ പാപം കൂടാതെ, മരണം കൂടാതെ, ഭയം കൂടാതെ നിത്യം ജീവിക്കുവാൻ സ്വാതന്ത്ര്യം കൊടുക്കുകയും ചെയ്യുന്ന ദൈവത്തിന്റെ രക്ഷാകര പദ്ധതിയുടെ ഭാഗമാണ്.

ഈ വിലയേറിയ സത്യം ഗ്രഹിക്കുകയും ദൈവത്തോട്, ചെയ്തുപോയ തെറ്റുകളെ ഏറ്റുപറഞ്ഞുപേക്ഷിക്കുകയും, പാപം ചെയ്യുവാനും സാത്താനാൽ വഞ്ചിക്കപ്പെടുകയും ചെയ്യുന്ന പഴയ മനുഷ്യനെ ഒരു വസ്ത്രം പോലെ നീക്കിക്കളഞ്ഞുകൊണ്ടു ദൈവത്തിൽ പുതിയമനുഷ്യനായി, പുതിയ ഹൃദയത്തോടെ ക്രിസ്തുവിൽ ജനിക്കുകയും ചെയ്യുവാൻ ആഗ്രഹത്തോടെ കൊതിയോടെ ദൈവത്തിങ്കലേക്കു അടുത്തുവരികയും ചെയ്യുന്നവരാണ് വിലയേറിയ വിശ്വാസം ലഭിച്ചവർ.

ക്രിസ്തീയ ആത്മീയ ജീവിതം ദൈവവുമായി മനുഷ്യൻ ചെയ്യുന്ന ഒരു ഉടമ്പടിമാത്രമാണ് എന്നാണ് പലരും തെറ്റിദ്ധരിച്ചിരിയ്ക്കുന്നത്. എന്നാൽ ഒരുവൻ ക്രിസ്തുവിൽ ആവുകയും ക്രിസ്തുവിൽ ജീവിക്കുകയുംചെയ്യുമ്പോൾ മാത്രമാണ് ക്രിസ്തീയ ആത്മീയ ജീവിതം നമ്മിൽ ആരംഭിക്കുന്നത്. ക്രിസ്തുവിനെ ഉൾക്കൊള്ളുവാൻ കഴിയാതെ പുറമെനിന്നുകൊണ്ടു ഒരു ഉടമ്പടി മാത്രം സ്ഥാപിച്ചു മടങ്ങിപ്പോകുക ഇവിടെ സാദ്ധ്യമല്ല.

ഇവിടെ ക്രിസ്തുവിലെ വിശ്വാസത്തെ വിലയേറിയ വിശ്വാസമെന്ന് വിളിക്കുന്നത് ഒരു ഭംഗിക്കുവേണ്ടിയല്ല പ്രത്യുത, പാപമില്ലാതെ ദൈവപുത്രനെ പാപികൾക്കായി നൽകുവാൻ പിതാവാം കാണിച്ച അത്യുന്നതമായ സ്നേഹവും ആ പിതാവിനെ പൂർണ്ണമായി അനുസരിച്ചുകൊണ്ടു സ്വയം പാപികളുടെ ഇടയിലേക്ക് കടന്നുവന്നു പാപികളുടെ കൈകളാൽത്തന്നെ മരിക്കുവാൻ സ്വയം താഴ്ത്തിയേൽപ്പിച്ചുകൊടുത്ത യേശുവിന്റെ വിസ്മരിക്കാൻ കഴിയാത്ത അനുസരണവും തന്റെ അവസാനതുള്ളി രക്തവും ഒഴുക്കിനല്കികൊണ്ടു വിലയില്ലാതിരുന്ന പാപികളായ നമ്മെ ഓരോരുത്തരെയും നീതിമാന്മാരും വിശുദ്ധരുമാക്കിത്തീർത്തുകൊണ്ടു ദൈവത്തിനായി നേടിയ തന്റെ പുണ്യരക്തത്തിന്റെ വിലയുമാണ് യഥാർത്ഥത്തിൽ വിലയേറിയ വിശ്വാസം എന്നതുകൊണ്ട് വിവക്ഷിക്കുന്നത്.

പ്രാരംഭമായി നമുക്കു ലഭിച്ചിരിക്കുന്ന ഈ വിലയേറിയ വിശ്വാസത്തെക്കുറിച്ചു നാം ബോധ്യമുള്ളവരാവുക എന്നതാണ് പ്രധാനം.

ഏതെങ്കിലുമൊരു കാര്യസാദ്ധ്യത്തിനായി ഇനിമേൽ നാം യേശുവിനെ വിളിക്കുമ്പോൾ ഓർക്കുക, വിലയേറിയ വിശ്വാസം നമ്മിൽ ഇല്ലായെങ്കിൽ നാം ദൈവത്തിന്റെ നാമത്തെ വൃഥാ വിളിക്കുകയാണ് ചെയ്യുന്നത്. എങ്കിലും ദൈവം കരുണാമയനാകയാൽ വിലയേറിയ വിശ്വാസം ഇല്ലാതെ നാം കഴിച്ച സകല പ്രാർത്ഥനകൾക്കും ഇന്നേവരെ നമ്മുടെ പിതാവാം ദൈവം മറുപടി നൽകി നമ്മെ നടത്തി. ഇനിയും നമ്മുടെ മുൻപിൽ സമയം അവശേഷിക്കുന്നുവെങ്കിൽ ഈ വിലയേറിയ വിശ്വാസത്തെ കാര്യസാധ്യത്തിനുമാത്രമായുള്ള പ്രാർത്ഥനയാൽ ഒതുക്കിക്കളയാതെ വിലയേറിയ ക്രിസ്തുയേശുവിങ്കലെ വിശ്വാസത്താൽ നാം ജീവിക്കുവാൻ ഇടവരട്ടെ.

2. **ദൈവത്തിന്റെയും രക്ഷിതാവായ യേശുക്രിസ്തുവിന്റെയും നീതി**.

ഭൂമിയിൽ ജീവിക്കുന്ന ഏതാണ്ട് എല്ലാ മനുഷ്യരും തങ്ങളെക്കൊണ്ടാവുംവിധം നീതിമാന്മാരായി ജീവിക്കണമെന്ന് ആശിക്കുന്നവരും അതിനായി തങ്ങളുടെ പ്രവൃത്തികൾ നല്ലതാക്കുവാൻ പരിശ്രമിക്കുന്നവരുമാണ്. എന്നാൽ എത്ര ശ്രമിച്ചിട്ടും കൈയക്ഷരം നന്നാക്കുവാൻ കഴിയാത്ത കൈ ഉള്ളവരെപ്പോലെയാണ് ഇക്കാര്യത്തിൽ മനുഷ്യൻ. അതായത് മനുഷ്യന്റെ സ്വഭാവത്തിലെ ശ്രേഷ്ഠതകൊണ്ടോ ജീവിതത്തിൽ സ്വീകരിക്കുന്ന തീരുമാനങ്ങൾകൊണ്ടോ ഒരിക്കലും എല്ലാത്തിലും നീതിമാന്മാരായി ജീവിക്കുക എന്നത് മനുഷ്യനാൽ അസാദ്ധ്യമായ കാര്യമാണ്. അപ്പോൾ ഒരു നീതിപൂർണ്ണമായ ജീവിതം നയിക്കുവാൻ മനുഷ്യന് എങ്ങനെ കഴിയും ? ഒരു ചെറിയ കാര്യത്തിൽപോലും ഈ നീതീകരണം എങ്ങനെ നേടുവാൻ മനുഷ്യന് കഴിയും ? ഈ ചോദ്യങ്ങളുടെ ഉത്തരം നമ്മെ കൊണ്ടുചെന്നെത്തിക്കുന്നതു സകലത്തിന്റെയും സൃഷ്ടാവും ഉടയവനുമായ ദൈവത്തിങ്കൽ തന്നെയാണ്.

മനുഷ്യനാൽ അസാദ്ധ്യമായതിനെ സാധ്യമാക്കുവാൻ ദൈവത്തിനുമാത്രമേ കഴിയുകയുള്ളൂ. ഇത് വിശ്വാസചിന്തയുടെ അടിസ്ഥാനമാകയാൽ നമ്മുടെ നീതീകരണം സാധ്യമാകുന്നത് യേശുക്രിസ്തുവിലെ നമ്മുടെ വിശ്വാസത്തിലൂടെയാണ്. നമ്മിൽ പാപം കിടക്കുന്നിടത്തോളം നമുക്ക് നമ്മെത്തന്നെ വിശുദ്ധീകരിക്കുവാനോ നീതികരിക്കുവാനോ കഴിയുകയില്ല എന്നാൽ ഇപ്രകാരം ബലഹീനനായ മനുഷ്യനെ സകല പാപത്തിൽനിന്നും വീണ്ടെടുക്കുവാനും ദൈവത്തിന്റെ നീതിയുടെ വസ്ത്രം ധരിപ്പിച്ചു നിറുത്തുവാനും ദൈവത്തിനു മാത്രമേ കഴിയുകയുള്ളൂ. പാപത്തിന്റെ ശമ്പളമായ മരണത്തിൽനിന്നും നമ്മെ സ്വന്ത രക്തം കൊടുത്തു വിലയ്ക്കു വാങ്ങുകയും ആ രക്തത്താൽ നമ്മുടെ മുൻകഴിഞ്ഞ പാപങ്ങളെ കഴുകുകയും ചെയ്യുന്ന ദൈവത്തിൽ, നമ്മുടെ നീതീകരണം ദൈവം ഏറ്റെടുക്കുകയും പുത്രനായ യേശുക്രിസ്തുവിലൂടെ നാം പിതാവിന്റെ സന്നിധിയിൽ നീതികരിക്കപ്പെടുകയും ചെയ്യുന്നു. ഇതിലൂടെ പുത്രനായ യേശുക്രിസ്തു നമ്മുടെ നീതിയായി മാറുകയും, മാനുഷികമായ ഏതൊരു നീതിയെക്കാളും ഉന്നതനീതിയിൽ വസിക്കുവാൻ ദൈവം നമ്മെ കൃപയാൽ തിരഞ്ഞെടുക്കുകയും ചെയ്യുന്നു.

മനുഷ്യന് മലിനപ്പെടുത്തുവാൻ കഴിയാത്തവണ്ണമാണ് ദൈവം യേശുക്രിസ്തുമുഖാന്തിരം തന്റെ നീതിയെ നമ്മിൽ പ്രദർശിച്ചിരിക്കുന്നത്. ഒരു വസ്തുവായി എടുത്തുകാണിക്കുവാൻ കഴിയാത്തവണ്ണം ഭൗതീകമായ ഒരു വസ്തുതയല്ല യേശുക്രിസ്തുവിൽ വിശ്വസിച്ചിരിക്കുന്ന നമ്മുടെമേൽ ഇപ്പോൾ പ്രദർശിപ്പിക്കപ്പെട്ടിരിക്കുന്ന ദൈവത്തിന്റെ നീതി. അത് ക്രിസ്തുവേശുവിങ്കലുള്ള നമ്മുടെ വിശ്വാസത്താലും ദിനംതോറും പരിശുദ്ധാത്മാവിൽ അനുഭവിക്കേണ്ടതുമായ സ്വർഗ്ഗീയ ദാനമാണ്.

3. **ദൈവത്തിന്റെയും നമ്മുടെ കർത്താവായ യേശുവിന്റെയും പരിജ്ഞാനത്തിൽ ലഭിക്കുന്ന കൃപയും സമാധാനവും**.

നാം ദിവസേന ഉപയോഗിക്കുന്ന അർത്ഥമല്ല 'ദൈവത്തിന്റെയും നമ്മുടെ കർത്താവായ യേശുവിന്റെയും പരിജ്ഞാനം' എന്നതുകൊണ്ട് ലേഖകൻ അർത്ഥമാക്കുന്നത്. നാം പൊതുവെ പരിജ്ഞാനം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് മറ്റ് 'മനുഷ്യരുടെ മുൻപിലുള്ള നമ്മുടെ നല്ല പെരുമാറ്റത്തെയാണ്'. എന്നാൽ ഈ അർത്ഥത്തിലല്ല വിശുദ്ധ തിരുവെഴുത്തുകളിലെ പരിജ്ഞാനം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

വിശുദ്ധ തിരുവെഴുത്തുകളിൽ നാം കാണുന്ന പരിജ്ഞാനമത്രയും അർത്ഥമാക്കുന്നത്, നാം ഇന്ന് കടന്നുപോവുന്ന ഓരോ സാഹചര്യങ്ങളിലും നമുക്കുപകരം യേശുക്രിസ്തു ആയിരുന്നുവെങ്കിൽ എങ്ങനെ ചിന്തിക്കുകയും പ്രവർത്തിക്കുകയും പ്രതികരിക്കുകയും ചെയ്യുമായിരുന്നു എന്നതാണ്. വാസ്തവത്തിൽ ഇന്ന് നമ്മിൽ ജീവിക്കുന്നത് നാമല്ല (ഗലാത്യർ 2 : 20). നമുക്കു പകരക്കാരനായി നമ്മുടെ പാപങ്ങളെവഹിച്ചുകൊണ്ടു ക്രൂശിൽമരിച്ചു ഉയിർത്തെഴുന്നേറ്റ യേശു ആണ് നമ്മിൽ ഇന്ന് ജീവിക്കുന്നതും നമ്മിൽ സകല കർതൃത്വം നടത്തുന്നതും. ഈ അനുഭവത്തെ കുറിക്കുന്ന വാക്കാണ് 'യേശുക്രിസ്തുവിന്റെ പരിജ്ഞാനം എന്നത്. ദൈവത്തിന്റെ പരിജ്ഞാനമെന്നതോ ദൈവം നമ്മിലൂടെ എന്തെല്ലാം ആഗ്രഹിക്കുന്നുവോ അവയാണ്. വാസ്തവത്തിൽ പിതാവാം ദൈവം ആഗ്രഹിക്കുന്നതാണ് പുത്രനായ യേശു ചെയ്യുന്നതും നമ്മിൽ പൂർത്തീകരിക്കുന്നതും.

ഇപ്രകാരം നമ്മുടെ ജീവിതം മാറിമറിയുവാൻ ദൈവം ആഗ്രഹിക്കുന്നു. ഇങ്ങനെയുള്ള പരിജ്ഞാനത്തിൽ നാമോരോരുത്തരും പരിശുദ്ധാത്മാവിൽ ജീവിക്കുമ്പോൾ അവിടെ അനുഭവിക്കുവാൻ കഴിയുന്ന അഥവാ അവയുടെ ഫലമായി നാം അനുഭവിക്കുന്ന രണ്ടു ശ്രേഷ്ഠമേറിയ അനുഭവങ്ങളാണ് 'കൃപയും സമാധാനവും'. യാതൊരു യോഗ്യതയും കൂടാതെതന്നെ നമ്മിലേക്ക് ദൈവം നൽകിത്തരുന്ന നന്മകളാണ് ദൈവകൃപയെന്നത്. അതുപോലെ, ദൈവത്തിൽമാത്രം നിറഞ്ഞുനിൽക്കുന്ന സ്വർഗ്ഗീയ പ്രഭയേയും ഇവിടെ കൃപ എന്നതുകൊണ്ട് അർത്ഥമാക്കുന്നു.

സമാധാനമെന്നത്, ദൈവത്തിന്റെ നിറവിൽനിന്നും മനുഷ്യനിലേക്കുള്ള നന്മയുടെ വികാരമെന്നു നമുക്ക് പറയുവാൻ കഴിയും. കാരണം ദൈവം നല്കിതന്നിട്ടല്ലാതെ സമാധാനം എന്ന സ്വർഗ്ഗീയ വികാരത്തെ നമുക്കുൾക്കൊള്ളുവാൻ കഴിയുകയില്ല. സമാധാനത്തെ ഒരു വികാരമായി എണ്ണുവാൻ ഞാൻ ഇവിടെ പഠിപ്പിക്കുകയല്ല എന്നാൽ സമാധാനത്തെ നാം ഒരു വികാരമായെടുത്താൽ ദൈവത്തിൽ ഒരുവൻ ഇ ഭൂമിയിൽ വസിക്കുന്ന നാളോളം അതേ സമാധാനമെന്ന വികാരത്താൽ ജീവിക്കുവാൻ കഴിയും. ഇത് മാനുഷികമായ ഒരു നിർമിതിയല്ല എന്ന് സാരം.

ഇപ്രകാരമുള്ള കൃപയും സമാധാനവും ദൈവത്തിന്റെ പരിജ്ഞാനത്തെ വഹിക്കുന്നവരുമേൽ നിത്യം ലഭിക്കും.

4. **തന്റെ മഹത്വത്താലും വീര്യത്താലും നമ്മെ വിളിച്ചവന്റെ പരിജ്ഞാനത്താൽ അവന്റെ ദിവ്യശക്തി ജീവനും ഭക്തിക്കും വേണ്ടിയതു ഒക്കെയും നമുക്കു ദാനം ചെയ്തിരിക്കുന്നുവല്ലോ**.

നമ്മെ പേരുചൊല്ലി വിളിച്ച ദൈവത്തെ ദിനംപ്രതി നാം തിരിച്ചറിയുമ്പോഴാണ് ആ ദൈവത്തിൽ എന്തെല്ലാം കുടികൊള്ളുന്നു എന്ന് നാം തിരിച്ചറിയുന്നത്. ഇവിടെ ലേഖകൻ ഉപയോഗിച്ചിരിക്കുന്ന രണ്ടു വാക്കുകൾ ശ്രദ്ധിക്കുക - മഹത്വവും വീര്യവും. നമ്മെ കരുതുന്ന ദൈവം സർവ്വശക്തനായ ദൈവം ആണെന്ന ബോധ്യത്തിലാണ് ലേഖകൻ പരിശുദ്ധാത്മാവിൽ ഇത് എഴുതിയിരിക്കുന്നത്.

ഇവിടെ മഹത്വവും വീര്യവും നിറഞ്ഞവനായ ദൈവം മനുഷ്യരായിരുന്ന, അസാധാരണത്വം കേവലമില്ലാതിരുന്ന നമ്മെ 'വിളിച്ചു' എന്ന് എഴുതിയിരിക്കുന്നു. ആ വിളിയുടെ ശ്രേഷ്ഠതയാണ് നാം മനസ്സിലാക്കേണ്ടുന്നത്- ആ വിളി പുത്രത്തിലേക്കുള്ള വിളിയാണ്, ജീവനുള്ള ദൈവത്തിനായി മനുഷ്യരുടെയിടയിൽ അവർക്കാണ് ദൈവത്തതിനായും ശുശ്രൂഷിക്കേണ്ടുന്ന വിളിയാണ്ഈ, ഭൂമിയിലെ സകലവും അവസാനിച്ച ശേഷവും ദൈവത്തിൻറെ അടുക്കലേക്കു കയറിച്ചെല്ലുവാനുള്ള സ്വർഗ്ഗീയ വിളിയാണ്. ഇപ്രകാരം നമ്മെ സ്വർഗ്ഗീയ വിളിക്കു യോഗ്യരാക്കിക്കൊണ്ടു തന്റെ ദിവ്യശക്തിയാൽ നമ്മുടെ ജീവനും ഭക്തിക്കും ആവശ്യമായ സകലവും ദൈവം നല്കിയിരിക്കുന്നു. അതായതു, ഈ ഭൂമിയിലെ നമ്മുടെ ജീവനകാര്യങ്ങൾ സകലവും അനുഗ്രഹപൂർണ്ണമാക്കിത്തീർക്കുവാൻ ദൈവത്തിനു കഴിയും അഥവാ ദൈവത്തിനു മാത്രമേ കഴിയൂ എന്നതാണ് ഇതിലൂടെ നാം മനസ്സിലാക്കുന്നത്. എന്നാൽ അതിലുപരിയായി നമ്മുടെ ഭക്തിക്കാവശ്യമായ സകലവും ദൈവം നമുക്കു നൽകിത്തരുന്നു. ആഹാരം എങ്ങനെ ഒരു മനുഷ്യന് ആവശ്യമോ അതുപോലെ നമ്മിലെ ആത്മമനുഷ്യന് ആവശ്യമായത് ദൈവം മുന്നൊരുക്കിയിരിക്കുന്നു. ഇവിടെ ദൈവം മുന്നൊരുക്കിയിരിക്കുന്നു എന്ന് പറയുമ്പോൾ അതിനെ ദൈവത്തിന്റെ ദാനമെന്നു ദൈവാത്മാവ് വിശേഷിപ്പിച്ചിരിക്കുന്നത് ശ്രദ്ധിക്കുക. എല്ലാ ദൈവീക ദാനങ്ങളും അനുഗ്രഹപൂർണ്ണങ്ങളാണ് എന്നത് മറന്നുപോവരുത്. മനുഷ്യർ തങ്ങൾക്കു ആവശ്യമല്ലാത്തതിനെ ദാനമായി കൊടുക്കുവാൻ മടികാട്ടാറില്ല എന്നാൽ ദൈവമോ നമ്മുടെ ആവശ്യങ്ങളിലേക്കാണ് എല്ലായ്പ്പോഴും നോക്കുന്നതും നൽകുന്നതും.

ഇപ്രകാരം നമ്മുടെ ആത്മീയ ജീവിതത്തിനാവശ്യമായത് നൽകുന്നതോടൊപ്പം വിലയേറിയതും അതിമഹത്തുമായ വാഗ്ദത്തങ്ങളും നല്കിയിരിക്കുന്നു എന്ന് എഴുതിയിരിക്കുന്നത് നാം കാണുന്നു. ഇവിടെ വിലയേറിയതു എന്നതുകൊണ്ട് അർത്ഥമാക്കുന്നത് യേശുവിലൂടെ നമുക്ക് ലഭിച്ചിരിക്കുന്ന നിത്യജീവനാണ്. ഈ ഭൂമിയിൽ കുറച്ചു വർഷങ്ങൾ തെളിഞ്ഞ ശേഷം അണഞ്ഞുപോവുന്ന ജീവനല്ല പ്രത്യുത ഒരുനാളും മായാതെ ശോഭ കെടാതെ ദൈവത്തോടൊപ്പം വാഴുന്ന സ്വർഗീയ സന്തോഷം അനുഭവിക്കുന്ന നിത്യ സന്തോഷത്തെക്കുറിച്ചാണ് ഇവിടെ പറഞ്ഞിരിക്കുന്നത്.

ഈ ഭൂമിയിൽ ഒരുവൻ എത്രതന്നെ പ്രകാശിച്ചാലും സന്തോഷിച്ചാലും ആസ്വദിച്ചാലും അതെ വ്യക്തി യേശുവിനാൽ നിത്യജീവനിലേക്കു കടന്നുവരുമ്പോൾ ഈ ഭൂമിയിൽ അനുഭവിക്കാത്തരെയും ആനന്ദം അവിടെ ദൈവത്തോടൊപ്പം അനുഭവിക്കും. കാരണം ആ സന്തോഷം നാം പങ്കിടുന്നത് ദൈവത്തോടൊപ്പമാണ്.

ഈ ഭൂമിയിൽ നാം ജീവിക്കുമ്പോൾത്തന്നെ സ്വർഗ്ഗീയനായ ദൈവത്തെ അനുഭവിക്കുവാൻ ദൈവം നമുക്ക് അവസരം നൽകിയിട്ടുണ്ട്. ആ അവസരമാണ് തന്റെ ഏകജാതനായ യേശുക്രിസ്തുവിലൂടെയുള്ള വിശ്വാസത്താൽ നമ്മിൽ ലഭ്യമാകുന്നത്. ആ വിശ്വാസത്തിലൂടെയാണ് രക്ഷാകരമായ അനുഭവങ്ങളിലേക്ക് നാം പ്രവേശിക്കുന്നതും രക്ഷയെന്ന ദൈവീക ദാനം നാം അനുഭവിക്കുന്നതും. തുടർന്നു ദൈവവചന കേൾവിയാലും വിശ്വാസത്താലും നാം ദിനവും ക്രിസ്തുവിൽ വളരുന്നു. മഹത്തരമായ ഈ വഴിയിൽ നമ്മിലേക്ക് ദൈവത്താൽ നല്കപ്പെടുന്ന നല്ല ദാനമാണ് 'ദൈവത്തിന്റെ ദിവ്യസ്വഭാവത്തിനു നാമും കൂട്ടാളികളാവുന്ന അനുഭവം' എന്നത്. ദിവ്യസ്വഭാവം - പേര് സൂചിപ്പിക്കുമ്പോലെ ദൈവീകമായ അനുഭവത്തിലേക്കുള്ള ഒരു സാധാരണ മനുഷ്യന്റെ അസാധാരണമായ വളർച്ചയാണ് അഥവാ ആത്മീയ വളർച്ചയാണ്. അത് ഏതെങ്കിലും വിധമായ പ്രത്യേക ശുശ്രൂഷകളാലോ നഗ്നനേത്രങ്ങളാലോ എപ്പോഴും അനുഭവവേദ്യമാകണമെന്നില്ല, പ്രത്യുത ദൈവാത്മാവിനാൽ ഒരുവനിൽ ആ ദിവ്യസ്വഭാവം നിറയപ്പെടും പകരപ്പെട്ടും വളർന്നതും മാറേണ്ടുന്നതാകുന്നു.

നാം പ്രാരംഭമായി ചിന്തിച്ച ചിന്തകളിലേക്ക് മടങ്ങിവരാം. ഈ ഭൂമിയിൽ വ്യത്യസ്ത നിലവാരങ്ങളിൽ ജീവിക്കുന്ന നാം ഓരോരുത്തരും നമ്മുടെ സമയത്തെയും സാഹചര്യത്തെയും വ്യത്യസ്തമായിത്തന്നെ ഉപയോഗിക്കുവാൻ ശീലിച്ചവരാണ്. എന്നാൽ ഏതു സാഹചര്യത്തിലും ഏതു സമയത്തും നാം ദൈവത്തിന്റെ സ്വത്താണെന്നുള്ള ബോധ്യത്തിൽ ഈ ഭൂമിയിൽ ജീവിക്കുവാൻ കഴിയുന്നവനാണ് ഒരു യഥാർത്ഥ ദൈവപൈതൽ. മത ചിന്തകളുടെ കടന്നാക്രമണങ്ങളില്ലാതെ ദൈവത്തിന്റെ പരിശുദ്ധാത്മാവിലൂടെയുള്ള നിയോഗങ്ങൾ പ്രാപിച്ചും അനുസരിച്ചും പ്രവർത്തിച്ചും പ്രാർത്ഥിച്ചും നാം സമയത്തെ വിനിയോഗിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു. എന്നാൽ ഇവിടെ നാം ഉറപ്പുവരുത്തേണ്ടുന്ന ഒരു സംഗതിയാണ് നാം ചിന്തിച്ചപോലെ ഒരു ദിവ്യസ്വഭാവം ദൈവത്തിൽനിന്നും നേടിയെടുക്കുക എന്നത്.

ആ ദിവ്യസ്വഭാവം കൂടാതെ നമ്മുക്ക് ദൈവത്തെ പ്രസാദിപ്പിക്കുവാനോ ദൈവീക ഇഷ്ടങ്ങളെ പൂർണ്ണമായി ചെയ്യുവാനോ കഴിയുകയില്ല.

യേശു ഈ ഭൂമിയിൽ ചിലവഴിച്ച സമയങ്ങളെയും സാഹചര്യങ്ങളെയും നോക്കുക. അനുകൂലവും പ്രതികൂലവുമായ അനേക സാഹചര്യങ്ങൾ യേശുവിന്റെ മുൻപിൽ ഉണ്ടായിരുന്നു. അവയെല്ലാം പിതാവിൽനിന്നും കേട്ട/കണ്ട ഇഷ്ടത്തിനൊത്തവണ്ണം യേശു ഒരു മനുഷ്യൻ എന്ന നിലയിൽ പൂർണ്ണ അനുസരണത്തോടെ അനുവർത്തിക്കുകയും സകലത്തിലും ദൈവത്തിൽ മാത്രം ആശ്രയിക്കുകയും ചെയ്തുപോന്നു. യേശുവിൽ നിറഞ്ഞുനിന്നിരുന്ന ആ ദിവ്യസ്വഭാവം പിതാവിന്റെ ഹിതത്തോടു എല്ലായ്പ്പോഴും ഇഴയടുപ്പം കാണിച്ചവയായിരുന്നു. തന്റെ ദൈവമായിരിക്കെ ഒരു മനുഷ്യനായി മനുഷ്യരുടെയിടയിൽ ജീവിച്ചു എന്നത് മാത്രമല്ല, പ്രത്യുത ദിവ്യസ്വഭാവത്തെ നമുക്കു പ്രാപിക്കുവാൻ തക്കവണ്ണമുള്ള അനുഗ്രഹമായി നമുക്ക് നൽകുകയും ചെയ്തു.

പല ഘടകങ്ങൾ നാം ചിന്തിച്ചതിന്റെ ഒടുവിലായാണ് ദിവ്യസ്വഭാവം എന്ന വാക്കിലേക്ക് എത്തിച്ചേർന്നത്, ഇതുപോലെ, ദൈവത്തോടൊപ്പമുള്ള അനേകം യാത്രകൾക്കുശേഷമാണ് നാം പതിയെ ആ ദിവ്യസ്വഭാവത്തിലേക്കു കൂട്ടാളികളായും ഉടമകളായും മാറുന്നത്. പർവ്വതാരോഹകർ ഒരൊറ്റ ദിവസത്തെ പ്രയാണത്തോടെയല്ല പർവതങ്ങൾ താണ്ടുന്നത്, എന്നാൽ മടുക്കാതെയുള്ള അധ്വാനങ്ങൾ അവർ ചെയ്യുന്നു. പരാജയങ്ങളെ പിന്തള്ളിക്കൊണ്ടു അവർ ലക്ഷ്യത്തിലേക്കു മാത്രം ദിനവും നോക്കുന്നു. ഒരു ശ്രമങ്ങളിലെയും വീഴ്ചകളും പോരായ്മകളും അവർ ഗ്രഹിക്കുന്നു. മെല്ലെ അവർ ലക്ഷ്യം വച്ചിരുന്ന പർവ്വതത്തിന്റെ മുകളിലെ അഗ്രത്തിലേക്കെത്തുന്നു. ദിവ്യസ്വഭാവം ഒരു ഉറപ്പാണ്. യേശുക്രിസ്തുവിലുള്ള നമ്മുടെ വിശ്വാസം തുടങ്ങുന്ന നിമിഷം മുതൽ ദൈവം നമ്മിൽ നൽകുന്ന ഉറപ്പാണ് ദൈവംതന്നെ നമ്മെ ദിവ്യസ്വഭാവത്തിനു കൂട്ടാളികളാക്കിത്തീർക്കും എന്നത്. ഈ ഉറപ്പു നമ്മിൽ ഉള്ളിടത്തോളം ക്ഷീണിച്ചോ മടുത്തോ പോവാത്തവണ്ണം ദൈവകൃപയാൽ ദൈവം നമ്മെ താങ്ങി നടത്തും. നിശ്ചയവുമായും കർത്താവു അത് ചെയ്യും.

ജീവിതത്തിലെ ഒരു നിമിഷത്തെയും ദൈവകരങ്ങളിലേക്കു കൊടുത്തുകൊണ്ട് നമുക്ക് പ്രാർത്ഥിക്കാം. ലോകത്തിൽ മോഹത്താലുള്ള നാശം വിട്ടൊഴിഞ്ഞിട്ടു ദിവ്യസ്വഭാവത്തിന്നു കൂട്ടാളികളായിത്തീരുവാൻ ദൈവം നമ്മെക്കുറിച്ചു ആഗ്രഹിക്കുന്നു.

നമുക്കു പ്രാർത്ഥിക്കാം.

നല്ല പിതാവേ ഞങ്ങൾ അങ്ങയെ വാഴ്ത്തുന്നു. ഈ നല്ല ജീവിതത്തിനായി നന്ദി പറയുന്നു. ഞങ്ങളുടെ ജീവിതത്തിലെ ഓരോ നിമിഷത്തിനായും ഞങ്ങൾ നന്ദി പറയുന്നു. അങ്ങയുടെ ആഗ്രഹങ്ങളെ ചെയ്യുവാൻ അങ്ങയുടെ ദിവ്യസ്വഭാവത്തിനു കൂട്ടാളികളായിത്തീരുവാൻ ഞങ്ങളെ ഇന്ന് മുതൽ സഹായിക്കേണമേ. അങ്ങ് ഞങ്ങളെ കടത്തിവിടുന്ന ഓരോ സാഹചര്യങ്ങളിലും പഴിപറയാതെ എല്ലായ്പ്പോഴും അങ്ങയെ ഈ ഭൂമിയിൽ അനുഭവിക്കുന്നവരാക്കി ഞങ്ങളെ മാറ്റേണമേ. അങ്ങയുടെ സ്വന്ത പുത്രനെ ഞങ്ങൾക്കുനല്കിക്കൊണ്ടു ഞങ്ങളെ സ്നേഹിച്ച നല്ല പിതാവേ, ഞങ്ങൾക്കുചുറ്റും വിവിധസാഹചര്യങ്ങളാൽ നഷ്ടപ്പെട്ടുപോവുന്ന ജീവിതങ്ങളോട് അങ്ങയുടെ സ്നേഹത്തെക്കുറിച്ചു പറയുവാൻ ഞങ്ങളെ അഭിഷേകം ചെയ്തു ബലപ്പെടുത്തി അനുഗ്രഹിക്കേണമേ. അങ്ങയെ സ്നേഹിക്കുന്നവരാക്കി ഞങ്ങളെ മാറ്റേണമേ. യേശുക്രിസ്തുവിന്റെ നാമത്തിൽ ചോദിക്കുന്നു. ഞങ്ങളോട് ഉത്തരം അരുളുമാറാകേണമേ.
ആമേൻ.

- ജിബി തോമസ്

ജീവിതങ്ങളിലൂടെ വാക്കുകളിലൂടെ

**നസറെത്തുകാരനായ ഒരു ചെറുപ്പക്കാരൻ ദൈവമായി മാറിയ കഥയല്ല വിശുദ്ധ ബൈബിൾ നമ്മോടു പറയുന്നത്.
ദൈവം ഒരു മനുഷ്യനായി ഈ ഭൂമിയിൽ വന്നു പാർത്തുകൊണ്ടു മനുഷ്യരായ നമ്മെ പാപത്തിൽനിന്നും രക്ഷിച്ചുകൊണ്ടു നിത്യജീവനിലേക്കു നടത്തുന്നു എന്ന വിശ്വാസ സത്യമാണ് വിശുദ്ധ ബൈബിൾ ഉദ്ഘോഷിക്കുന്നത്.**

ഫിലിപ്പിയർ 2
6. അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചു കൊള്ളേണം എന്നു
7. വിചാരിക്കാതെ ദാസരൂപം എടുത്തു മനുഷ്യസാദൃശ്യത്തിലായി
8. തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നേ, അനുസരണമുള്ളവനായിത്തീർന്നു.

- Divine Hope Missionaries (Bristol, UK)

Listen to our Malayalam Audio Bible

://www.youtube.com/@jibymonkombil

മലയാളം ഓഡിയോ ബൈബിളിനായി മുകളിലുള്ള ലിങ്ക് തുറക്കുക, അല്ലെങ്കിൽ QR code സ്കാൻ ചെയ്യുക

Any Feedback / Queries :

Jiby Thomas +447823850578
jibymonkombil@gmail.com

DIVINE HOPE MISSIONARIES
BRISTOL